**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 264 | 18.03.2013-ൽ മറുപടിയ്ക്ക്

## വാളകം സ്കൂളിലെ അദ്ധ്യാപകനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടാരക്കര വാളകം സ്കൂളിലെ അദ്ധ്യാപകനെ കൊലപ്പെടുത്താൻ ശ്രമിച്ച കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടു വരാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കൊട്ടാരക്കര വാളകം സ്കൂളിലെ അദ്ധ്യാപകന് ദുരൂഹ സാഹചര്യത്തിൽ പരിക്കേറ്റതുമായി ബന്ധപ്പെട്ട കേസിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി, അന്വേഷണം സി.ബി.ഐ യെ ഏല്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയും അതനുസരിച്ച് 21.11.2011 ലെ ജി.ഒ ( എം.എസ്) 259/ 2011/ആഭ്യന്തരം നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണം സി.ബി.ഐ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വിശദമാക്കുമോ? | (ബി) | കേസ് ഇപ്പോൾ ഊർജ്ജിതമായി അന്വേഷിച്ച് വരികയാണെന്ന് സി.ബി.ഐ യുടെ തിരുവനന്തപുരം യൂണിറ്റിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ